2019 നവംബര് മാസം പന്ത്രണ്ടാം തീയതി. കേരള സാഹിത്യ അക്കാദമിയുടെ സമ്മോഹനമായ ഓഡിറ്റോറിയത്തില് ഒരാദരവു നടക്കുകയാണ്.

ചിരപരിചിതമല്ലാത്ത ഒരു സംഗീതശാഖയില് സ്വയം സമര്പ്പിതനായി അവധൂതനെപ്പോലെയുള്ള ഒരാള് അവിടെ ആദരിക്കപ്പെടുന്നു.

വിശ്വപ്രസിദ്ധ ബാവുല് ഗായകന് പബന്ദാസ് ബാവുലിനേയും അദ്ദേഹത്തിന്റെ സഹചാരിയായ മിംലൂ സെന്നിനേയും മലയാളിക്കു പരിചയപ്പെടുത്തിയ വിഖ്യാത സഞ്ചാര
സാഹിത്യകാരനും കവിയും വിവര്ത്തകനുമായ ബാങ്കര് ശ്രീ കെ.ബി.പ്രസന്നകുമാറും വേദിയിലുണ്ട് (ടാലന്റഡ് ബാങ്കേഴ്സ് കൂട്ടായ്മയുടെ അഡ്വൈസറി ബോര്ഡ് മെമ്പര് കൂടിയാണ് ശ്രീ കെ.ബി.പി)
ഏറെ പുതുമ നിറഞ്ഞതും സഹൃദയ ശ്രദ്ധ നേടിയതുമായ ഈ ആദരവിന്റെ
സംഘാടകര്, തൃശൂരിലെ സംഗീതോപാസകരുടെ കൂട്ടായ്മയായ ''ഗീതം സംഗീതവും''

ശ്രീ പബന് ദാസ് ബാവുലിനെയും മിംലു
സെന്നിനെയും ആ മഹാ സദസ്സിനു പരിചയപ്പെടുത്തിയത് ഒരു ബാങ്കറായിരുന്നു.

അന്നത്തെ അവതാരകയായ ആ ബാങ്കറാണിന്നു നമ്മുടെ ദളമായെത്തുന്നത്.

കെ.ബി. പ്രസന്നകുമാര് വര്ഷങ്ങള് മുന്നേ വിവര്ത്തനം ചെയ്ത ''ബാവുല്- ജീവിതവും സംഗീതവും'' ( മിംലു സെന്നിന്റെ 'The Honey Gatherers' എന്ന ഗ്രന്ഥത്തിന്റെ പരിഭാഷ) വായിച്ച് അതില് നിന്ന് പ്രചോദനം ഉള്ക്കൊണ്ടുകൊണ്ട് 2016 ല്
ബാവുല് ഗീതങ്ങളുടെ പൊരുളും തുടിതാളവുമറിയാന് ബംഗാളിന്റെ ഉള്ഗ്രാമങ്ങളില് അലഞ്ഞ് പബന് ദാസ് -മിംലു സെന് സഹചാരികളുടെ സംഗീതവഴികളില് നടത്തിയ യാത്രയുടെ വിശേഷങ്ങളും അവരോടൊത്ത് ബാവുല് സംഗീതജ്ഞരുടെ ജൊയ്ദേബ് ബാവുല് മേളയില് ലയിച്ചതുമായ സ്വാനുഭവങ്ങള് വിവരിച്ചത് സദസ്സ് നിര്ന്നിമേഷം കേട്ടിരുന്നു.

നമ്മുടെ ദളം 197.

ശോഭാ നാരായണന്
(ശോഭ കെ.കെ)
കേരള ഗ്രാമീണ് ബാങ്ക്,
റീജിയണല് ഓഫീസ്. തൃശൂര്.

യാത്രയിലും യാത്രാ വിവരണങ്ങളിലും മാത്രമല്ല സംഘാടനവൈഭവത്തിലും സംഗീത സപര്യയിലും അനേകം പേരുടെ വഴികാട്ടികൂടിയാണ് ശോഭ.

എറണാകുളം ജില്ലയിലെ പാമ്പാക്കുടയില് അദ്ധ്യാപകരായിരുന്ന കെ.കുട്ടപ്പന് - വി.ടി.ശാന്ത ദമ്പതി കളുടെ മൂന്നു മക്കളിലെ ഏക മകള്. കലയും സാഹിത്യവും ചിന്തയും ചെറുക്ലാസുകള് മുതലേ ശോഭയില് നിറവാര്ന്നു ശോഭ ചൊരിഞ്ഞിരുന്നു. ''ഇപ്പോഴും എഴുതാത്തതെന്താണെന്ന് ചോദിക്കും, അച്ഛന്''
-ശോഭ തന്റെ പിതാവിന്റെ ശ്രദ്ധകളുടെ നേര്ക്ക് വെളിച്ചം വീശുന്നു. ''അച്ഛന്'' എന്ന ഒരു കവിതയും കൂടി അച്ഛനു സമര്പ്പിച്ചു കൊണ്ട് സംഭാഷണങ്ങള്ക്കിടയില് എഴുതി അയച്ചു തന്നു, അവര്.
പാമ്പാക്കുട ഗവ.ഹൈസ്കൂള്, പാലാ അല്ഫോന്സ കോളേജ്, എറണാകുളം സെന്റ് ജോസഫ്സ് കോളേജ് ഫോര് ടീച്ചേഴ്സ് ട്രെയിനിംഗ് എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. M.Sc. B. Ed ഡിഗ്രികള് നേടി. സബ് ജില്ലാ, ജില്ലാ, ഇന്റര്-കോളേജിയേറ്റ്
തലങ്ങളില് കലാമത്സരങ്ങളില് പങ്കെടുക്കുക പതിവായിരുന്നു. സമ്മാനങ്ങളും ചിലപ്പോഴൊക്കെ നേടിയിട്ടുണ്ട്. National Service Scheme Volunteer Secretary എന്ന നിലയില് പഠനകാലത്തു നേടിയ പരിശീലനം ബാങ്കര് ജീവിതത്തിന് ശോഭയേറ്റുന്നു.

സംസ്ഥാന സര്ക്കാര് സര്വീസില് ഇന്റഗ്രേറ്റഡ് ചൈല്ഡ് ഡെവലപ്മെന്റ് സര്വീസ്സ് സ്കീം (ICDS) സൂപ്പര്വൈസര് ആയി ഉദ്യോഗപര്വമാരംഭിച്ചു.

1996 ല് പ്രൊബേഷണറി ഓഫീസറായി സൗത്ത്
മലബാര് ഗ്രാമീണ് ബാങ്കില് ചേര്ന്നു. നിലമ്പൂരിനടുത്തുള്ള എരഞ്ഞിമങ്ങാട് ശാഖയില് ആദ്യനിയമനം. തുടര്ന്ന്, കരുളായി, കുനിങ്ങാട്, പൊന്നാനി, പട്ടിക്കാട് , കൊടുങ്ങല്ലൂര്, കാഞ്ഞാണി, ഒളരിക്കര, ഇരിങ്ങാലക്കുട ശാഖകളില് പ്രവര്ത്തിച്ചു. ഇപ്പോള് കേരള ഗ്രാമീണ് ബാങ്കിന്റെ
തൃശൂര് റീജിയണല് ഓഫീസില് സീനിയര് മാനേജരായി പ്രവര്ത്തിക്കുന്നു.

2006 ലാണ് തൃശൂരിലെത്തിയത്. ജീവിതത്തെ രണ്ടായി അവിടെ വച്ച് തരം തിരിക്കാം.

''സംഗീതം എപ്പോഴും കൂടെയുണ്ടായിരുന്നു. മലബാറിലെ ഔദ്യോഗിക ജീവിതകാലം ബാബുരാജിന്റെ പാട്ടുകളിലേക്ക് അടുപ്പിച്ചു. പിന്നെ ഉമ്പായിയുടെ മലയാളം ഗസലുകളിലൂടെ പങ്കജ് ഉദാസിലേക്കും ജഗജിത് സിങ്ങിലേക്കും ഗുലാം അലിയിലേക്കും മെഹ്ദി ഹസ്സനിലേക്കും.

തൃശൂരിൽ വന്നതിനു ശേഷം കവിതകളിലേക്കും തീയേറ്റർ നാടകങ്ങളിലേക്കും ഖവ്വാലികളിലേക്കും ബാവുൽ സംഗീതത്തിലേക്കും ഒക്കെ യാത്ര നീണ്ടു. അതുവരെ കാണാതിരുന്ന സംഗീതത്തിന്റെ വിശാലമായ ലോകത്തേക്ക് യാത്ര. ബാവുൽ സംഗീതത്തിന്റെ വേരുകളറിയാൻ, അലിയാൻ ബംഗാളിലെ കെണ്ടൂളിയിലേക്ക് നടത്തിയ യാത്രയുടെ വിവരണം 'മംഗള'ത്തില് പ്രസിദ്ധീകരിച്ചു.
സങ്കുചിതമായ ഒന്നും മനസിൽ അവശേഷിപ്പിക്കാൻ അനുവദിക്കാത്ത സംഗീതം. അങ്ങനെയങ്ങനെ ഇവിടെ വരെ എത്തി''- ശോഭയുടെ വാക്കുകളില് നിറയുന്നത് സംഗീതാര്ച്ചനയുടെ മാധുര്യം.

തൃശൂരില് വന്നതിനു ശേഷം ബാങ്കിന്റെ പരിപാടികളിലൊക്കെ പാടുന്നതിനു കഴിയുന്നു. സാംസ്കാരിക നഗരത്തിന്റെ സ്വന്തം സംഗീത കൂട്ടായ്മയായി
ഇതിനകം രൂപമാര്ന്ന ''ഗീതം സംഗീത''ത്തില് ചേര്ന്നതിനു ശേഷം പൊതു വേദികളില് പാടാനും അവതാരകയാകാനും
കവിതകള് ചൊല്ലാനുമൊക്കെ വേണ്ടുവോളം
അവസരം കിട്ടുന്നു. കൂട്ടായ്മയുടെ
വൈെസ് പ്രസിഡന്റ് കൂടിയാണ് ശോഭ, ഇപ്പോള്.

മഹാമാരിയുടെ നാളുകള്ക്കു മുമ്പ്
'ഗീതം സംഗീതം' തൃശൂരില് സംഘടിപ്പിച്ചിരുന്ന
സംഗീതപരിപാടികള് റീജിയണല് തിയേറ്റര് പരിസരമാകെ
കാണികളെയും ശ്രോതാക്കളെയും കൊണ്ടു നിറഞ്ഞിരുന്നു. കോവിഡ്-19 കാലത്ത് അവര് മാറ്റങ്ങള്ക്കനുസൃതമായി
ഓണ്ലൈെന് പ്രോഗ്രാമുകള് നടത്തുന്നു. ഗായകര്ക്ക് പ്രചോദനവുമായി ഈ പരിപാടികളില് ചിലതില് അവതാരകയുടെ റോളും ശോഭ ഏറ്റെടുക്കുന്നുണ്ട് തിരക്കേറിയ ഔദ്യോഗിക ജീവിതത്തിനിടയിലും,

അവര് അവതരിപ്പിച്ച, ബാങ്കര്മാര് പാടിയ ഒരു ലൈെവ് പ്രോഗ്രാമില് നമ്മുടെ ടീ. ബി ദളങ്ങളായ വിമോഷ് വേണുഗോപാല്, ദിവ്യ കെ.എം എന്നിവരും പാടിയിരുന്നു.
പാട്ടുകാരേയും പാട്ടിനേയും ആഴത്തില് അപഗ്രഥിച്ച് അവതരിപ്പിക്കുന്ന ശൈെലിയാണ് ശോഭയുടേത്.

''ഗീതം സംഗീതം'' കൂട്ടായ്മയുടെ സെക്രട്ടറി ശ്രീ സുകുമാരന് ചിത്രസൗധം- ഇന്ത്യന് ബാങ്കില് നിന്നു വിരമിച്ച സംഗീതോപാസകന് - ശോഭയെ കുറിച്ച് എഴുതി അയച്ചു തന്ന ആര്ദ്രമായ വരികള് കൂടി ഇതോടൊപ്പം ചേര്ക്കുന്നു.

''ഞാനൊരു പാട്ടുകാരിയല്ല എന്നും പറഞ്ഞു വന്ന കൂട്ടുകാരി.
പിന്നീടറിഞ്ഞു,
അവളിൽ സംഗീതം നിറഞ്ഞു നിൽക്കുന്നുണ്ടെന്ന്. പല അവസരങ്ങളിലും ഒരു ചേട്ടന്റെ അധികാരത്തോടെ വേദികളിലേക്ക് കൈെ

പിടിച്ചുയർത്തി.അനുസരണയുള്ള അനിയത്തിയായി മാറുകയായിരുന്നു അവളും. നാടോടി ഗാനങ്ങളും ബാവുൽ സംഗീതവും ഇഷ്ടപ്പെട്ടു വേറിട്ടൊരു സാന്നിധ്യമായി. ഞങ്ങളുടെയെല്ലാം പ്രിയ തോഴിയായി മാറി.''

ഈ കഴിഞ്ഞ സ്വാതന്ത്ര്യ ദിനത്തില് (2021) മഹത്തായ ഒരു ദൗത്യത്തില് പങ്കാളിയാകുവാന് ശോഭയ്ക്കു അവസരം കൈവന്നു.

അവരുടെ തന്നെ വാക്കുകളില് അതു വായിക്കുക-

''ഗീതം സംഗീതത്തിനു വേണ്ടി ഛത്തീസ്ഗഡ് ഇന്ദിരാ കലാ സംഗീത് സര്വകലാശാലയുടെ വൈസ്-ചാന്സ്ലര് ആയിരുന്ന പ്രൊഫ.(ഡോ.) ടി. ഉണ്ണികൃഷ്ണനെ interview ചെയ്യാൻ അവസരം ലഭിച്ചു. കർണാടിക് - ഹിന്ദുസ്ഥാനി സംഗീതജ്ഞനും ഗവേഷകനുമായ അദ്ദേഹത്തിന്റെ അടുത്ത് കോളേജ് പഠനകാലത്ത് തന്നെ മുടങ്ങിയ സംഗീത പഠനം പുന:രാരംഭിക്കുവാനും കഴിഞ്ഞു.
17 രാജ്യങ്ങളിൽ നിന്നും 16 സംസ്ഥാനങ്ങളിൽ നിന്നുമുള്ള മാഷിന്റെ 74 ശിഷ്യരോടൊപ്പം അദേഹത്തിന്റെ
''വന്ദേ മാതരം'' പ്രോജക്ടില് പാടാനുള്ള ഭാഗ്യവും ഒപ്പമുണ്ടായി. രാജ്യത്തിന്റെ 75ാം സ്വാതന്ത്ര്യദിനാഘോഷ വേളയിൽ ഈ കഴിഞ്ഞ ഓഗസ്റ്റ് പതിനഞ്ചിന് ഏഷ്യാനെറ്റ് ചാനൽ അത് സംപ്രേഷണം ചെയ്തത് അഭിമാനമായി''

'ഗീതം സംഗീതം' കൂട്ടായ്മക്കും രാജ്യത്തെ ബാങ്കര് സമൂഹത്തിനാകെയും അഭിമാനകരമായ മുഹൂര്ത്തമായിരുന്നു, അത്.

'ഗീതം സംഗീത' ത്തിന്റെ രക്ഷാധികാരികളിലൊരാളായ ചലച്ചിത്ര നടനും ക്യാരിക്കേച്ചറിസ്റ്റുമായ ശ്രീ ജയരാജ് വാര്യർ, സഹഗായകരും കവികളും തൃശൂരിലെ നാടക പ്രവർത്തകരും ബാങ്ക് ജീവനക്കാരുമടങ്ങിയ സുഹൃത്തുക്കൾ, തുടങ്ങിയവര് നൽകുന്ന പ്രോത്സാഹനമാണ് തനിക്ക് ഊര്ജ്ജമാകുന്നതെന്ന് ശോഭ സംഭാഷണ മദ്ധ്യേ സൂചിപ്പിച്ചു.

''നന്നായി. പബനും മിലുവുമൊത്ത് ശോഭയുടെ വീട്ടിലും പോയിരുന്നു. അവിടെയാണ് അവര് താമസിച്ചതും. സന്തോഷം''- ശ്രീ. കെ.ബി. പ്രസന്നകുമാറിന്റെ സന്ദേശം സസന്തോഷം ഇതോടൊപ്പം ചേര്ക്കുന്നു.

ബംഗാളിലെ ഉള്ഗ്രാമങ്ങളില് ബാവുല് ഗായകരെ തേടിയുള്ള യാത്രാനുഭവങ്ങള് കുറിച്ചിട്ട ലേഖനത്തില്, തന്റെ സംഗീതവഴികളിലെ ഭ്രമം ദര്ശിക്കാം-
''നൂറു കണക്കിന് അഖാരകളില് നിന്നുയരുന്ന സംഗീതവിസ്ഫോടനം കേള്ക്കുന്നുണ്ടായിരുന്നില്ല. സത്യാനന്ദദാസും പബനും സൃഷ്ടിച്ച സംഗീതസാഗരത്തില് ഞങ്ങളലിഞ്ഞില്ലാതായി. രാത്രി വൈകുവോളം

അഖാരകളിലൂടെ കൈ കോർത്ത് നടന്നു. അന്തരീക്ഷത്തിലെങ്ങും നിറഞ്ഞു നില്ക്കുന്ന സംഗീതത്തിന്റെ ഉന്മാദാവസ്ഥ. നിലത്തു വിരിച്ച വൈക്കോലില് തരം തിരിവുകളില്ലാതെ സംഗീതം ഒരുമിപ്പിച്ച മനസ്സുമായി ജനക്കൂട്ടം. ...''

ആനന്ദദായകമായ
അനുഭവ വിവരണമാണ് ലേഖനം. ('ഉന്മാദിനികളുടെ നാട്ടില്'-മംഗളം -13 മാര്ച്ച് 2016)

''ഞങ്ങൾ രണ്ടു പേർ ഒന്നായി നടത്തിയ, നടത്തിക്കൊണ്ടിരിക്കുന്ന യാത്രയാണ് എന്റെ സംഗീതവഴികള്''- തന്റെ യാത്രയുടെ കൂട്ടിനെ കുറിച്ച് പറയുന്നു.
''നാരായണേട്ടനൊപ്പം. ഞങ്ങളുടെ രണ്ടു പേരുടേയും വീട്ടുകാരുടെ പ്രോത്സാഹനവും പിന്നെ മക്കളുടേയും'' യാത്രകളുടെ മാസ്മരികതയില് കുടുംബം ഒന്നാകെ കക്ഷി ചേരുന്നു.

ഡിസ്ട്രിക്ട് ജഡ്ജ് ശ്രീ എ. വി.നാരായണന് (തിരൂർ ഫാമിലി കോർട്ട് ജഡ്ജ്) ആണ് ശോഭയുടെ നാരായണേട്ടന്. രണ്ട് മക്കള് - കനറാ ബാങ്കില് ജോലി നോക്കുന്ന അരവിന്ദ് നാരായണനും നിയമ വിദ്യാർത്ഥിയായ ആനന്ദ് നാരായണനും ചേർന്ന ഗീതം സംഗീതമീണമിടുന്ന കുടുംബം.
കൊച്ചി നേവല് എയര് ക്രാഫ്റ്റ് യാര്ഡില് അസി.മാനേജരും പ്രധാനമന്ത്രിയുടെ ശ്രം വീര് പുരസ്കാര ജേതാവുമായ ശ്രീ ബിനു, കെ. എസ്. ആര്. ടി. സി യില് ജോലി നോക്കുന്ന ശ്രീ അനു എന്നിവരാണ് ശോഭയുടെ സഹോദരന്മാര്.

ശ്രീമതി ശോഭാ നാരായണനും കുടുംബത്തിനും തങ്ങളുടെ സംഗീതവഴികളിലെ യാത്രകള് അനുസ്യൂതം തുടരുവാനും പുതുമാനങ്ങള് രചിക്കുവാനും
ആശംസകളോടെ

ടാലന്റഡ് ബാങ്കേഴ്സ്.

---

തയ്യാറാക്കിയത് : ബീ.കെ.രമേശ് കുമാരൻ നായർ, റിട്ട. ചീഫ് മാനേജർ, എസ്.ബി.ടി

English version: Arya Gayathry , State Bank of India, Pallickal Branch

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അരക്കിണർ മീഞ്ചന്ത ബ്രാഞ്ച്, കോഴിക്കോട്

---

2019 November 12th – a renowned Bavul singer was being felicitated in the Kerala Sahitya Academy auditorium – Paban Das Baul! The banker, travel writer, poet, critic and translator who

introduced this singer and Mimlu Sen to the malayalees – Sri. K. B. Prasannakumar (he is also the advisody board member of Talented Bankers group) – was also present at the event, which was organised by “Geetham Sangeetham” group of music lovers belonging to Thrissur.

Today’s Talented Banker is the one who introduced Sri. Paban Das Baul and Ms. Mimlu Sen to the audience, through her compering skills. Her description of how she was inspired by the Malayalam translation of Mimlu Sen's book ‘The Honey Gatherers', written by Sri. K. B. Prasannakumar, and how she travelled to Bengal villages to learn more about the Bavul music, caught the rapt attention of all.

Sobha Narayanan
(Sobha K K)
Kerala Grameen Bank
Regional Office, Thrissur

She is a role model for many who love music, organising, travelling and travel writing.

She was born to the teacher couple K. Kuttappan- V. T. Santha in Pampakuda of Ernakulam district. She has always been exceptional in arts, music and literature. She is so fond of her father who encouraged her to write all through her life. She did her education from Pampakuda Govt High School, Pala Alphonsa College and Ernakulam St. Joseph‘s college for teachers' training gaining MSc and B Ed degrees. She has won many prizes in the cultural events held in sub-district, district, intercollegiate levels. Her being the National Service Scheme Volunteer Secretary has helped her in her banking career too.

She started her career as a ICDS Supervisor. In 1996 she joined the South Malabar Grameen Bank as Probationary Officer. Her first posting was in the Eranjimangad branch near Nilambur. Then she worked in Karulayi, Kuningad, Ponnani, Pattikkad, Kodungallur, Kanjani, Olarikkara branches and is presently Senior Manager at the Thrissur Regional Office of Kerala Grameen Bank.

The turning point in her life was in 2006 when she reached Thrissur. “Music had been with me always. When I worked in Malabar, I was fascinated by Baburaj's songs. And through the Malayalam ghasals of Umbayee, I moved on to listen to Pankaj Udhas, Jagjit Singh, Gulam Ali and Mehdi Hasan.

In Thrissur, I was attracted to the wider realms including poems, theatre dramas, qawwalis and bavul music.” Her travelogue describing her journey to Kenduli in Bengal in search of the roots of Bavul music got published in the ‘Mangalam' weekly.

Thrissur gave her many opportunities to sing during various programmes of the bank and also a chance to be part of a music lovers' group ‘Geetham Sangeetham’, whose Vice President she has become now. Before covid hit the land, the musical programmes conducted by the group attracted people from far and wide. With the pandemic restrictions, they have shifted to online programmes. In most of these, Sobha would be compering, amidst her busy schedules. A live programme thus conducted for banker musicians was attended by our Talented bankers – Vimosh Venugopal and Divya K M.

The Secretary of ‘Geetham Sangeetham', Sri Sukumaran Chitrasoudham says Sobha joined the group telling she wasn’t a singer but turned out to be brimming with rich music. She was unique in her love of folk songs and bavul music.

Sobha got a chance to interview Prof (Dr) T. Unnikrishnan, retd Vice Chancellor of Chhattisgarh Indira Kala Sangeet University who is a researcher on Carnatic-Hindustani musics, on behalf of ‘Geetham Sangeetham'. Thus, she restarted her music lessons from him. Alongside his 74 students from 16 states and 17 countries, she sang in the project “Vande Matharam" during the 75th Independence Day celebrations and the same was telecast in the Asianet TV channel.

Sobha is thankful to Sri Jayaraj Warrier( actor, caricaturist and a patron of ‘Geetham Sangeetham'), other poets and musicians and drama artists of Thrissur and banker friends for the encouragement they give her.

Her travelogue on her journey to Bengal pockets in search of bavul music origins reveal her passion and oneness with the music! (‘Unmadinikalude naatil', Mangalam, 13th March 2016).

Her family- husband Sri. A.V. Narayanan( Tirur family court judge), 2 kids(Aravind Narayanan who works in the Canara bank and Anand Narayanan who is a law student) and relatives make her journeys magical. Sri. Binu, Assistant Manager at the Kochi aircraft yard who won the Shram Veer puraskar from the Prime Minister; and Sri. Anu who works for K.S.R.T.C are her brothers.

We, the Talented Bankers group, wish Sobha and her family endless happiness in their journeys in the musical world.